(എഫ്) കാർഷികനയം മൂലമുള്ള പ്രയോജനങ്ങൾ വിലയിരുത്തുന്നതിന് ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ജി) ഇതിനായി ഏതെങ്കിലും ഉന്നതാധികാരസമിതിയെ നിയോഗിച്ചിട്ടുണ്ടോ ;

(എച്ച്) എങ്കിൽ ഈ സമിതിയുടെ ഘടനയും പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ, ബി & സി) സംസ്ഥാനത്ത് പുതിയ കാർഷികനയം രൂപീകരിച്ച് നടപ്പാക്കുന്നതിന് ആവശ്യമായ നിർദ്ദേശം സമർപ്പിക്കുവാൻ ഡോ. എം. എസ്. സ്വാമിനാഥൻ ചെയർമാനായുള്ള ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരിക്കുകയാണ്.

(ഡി) വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചശേഷം ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്.

(ഇ) കാർഷിക വികസനം ലക്ഷ്യമാക്കി വിവിധ പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കി വരുന്നു.

(എഫ്) ഭാവിയിൽ നിലവിൽ വരുന്ന കാർഷികനയം വിലയിരുത്തുന്നതിന് ഇപ്പോൾ സംവിധാനമില്ല.

(ജി & എച്ച്) ചോദ്യം ഉദിക്കുന്നില്ല.

റെയിൽവേ വഴി ചരക്ക് കടത്തുന്നതുമൂലമുള്ള നികുതി നഷ്ടം

14(*220) ശ്രീ. എ. അലിഹസ്സൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. ടി. എസ്. ജോൺ :
ശ്രീ. ജി. സുധാകരൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെയിൽവേ വഴി ചരക്ക് കടത്തുന്നതിലൂടെ നികുതിയിനത്തിൽ സംസ്ഥാനത്തിന് വൻതുക നഷ്ടം സംഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് വില്പനനികുതി ഉദ്യോഗസ്ഥർക്ക് റെയിൽവേ സ്റ്റേഷനുകളും പരിശോധന നടത്താമെന്നുള്ള സുപ്രീം കോടതിയുടെ വിധി, ശ്രദ്ധയിൽപ്പെട്ടുവോ ;

(സി) ട്രെയിനിൽ കടത്തുന്ന സാധനങ്ങൾ പരിശോധിക്കുന്നതിന് നികുതി ഉദ്യോഗസ്ഥർക്ക് റെയിൽവേയുടെ അനുമതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നല്കുമോ ;

(ഡി) റെയ്ഡിന് റെയിൽവേ ഉദ്യോഗസ്ഥരുടെ സഹകരണം ഉറപ്പു വരുത്തന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സുപ്രീം കോടതി വിധിയുടെ പശ്ചാത്തലങ്ങളിൽ വില്പന നികുതി ഇന്റലിജൻസ് വിഭാഗം സംസ്ഥാനത്ത് എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) സംസ്ഥാനത്തെ വിവിധ റയിൽവേ വഴി, മലഞ്ചരക്ക്, പലവ്യഞ്ജനം, റെഡിമെയ്ഡ് വസ്ത്രങ്ങൾ, ഇലക്ട്രിക്കൽ സാധനങ്ങൾ, നെയ്ത്ത് തുടങ്ങിയ സാധനങ്ങൾ വ്യാജപേരിൽ ബുക്ക് ചെയ്ത് നികുതി അടയ്ക്കാതെ കടത്തിക്കൊണ്ട് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ വില്പനനികുതി ഇന്റലിജൻസ് വിഭാഗത്തിന്റെ ഊർജ്ജിത പരിശോധന സംസ്ഥാനത്തെ എല്ലാ റയിൽവേ സ്റ്റേഷനുകളിലും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(എച്ച്) ഇന്റലിജൻസ് വിഭാഗത്തിന്റെ പരിശോധനയിൽ പിടിച്ചെടുക്കപ്പെടുന്ന സാധനങ്ങൾ സൂക്ഷിക്കുന്നതിന് വേണ്ടത്ര സൗകര്യം ഇല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശ്യമുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഐ) നികുതി അടയ്ക്കാതെ കടത്തിക്കൊണ്ടു പോകുന്നതും സംസ്ഥാനത്തേക്ക് കടത്തികൊണ്ടുവരുന്നതുമായ സാധനങ്ങൾ ഉദ്യോഗസ്ഥർ പിടിച്ചെടുത്താൽ ഏർപ്പെടുത്താവുന്ന ശിക്ഷ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

(ജെ) സംസ്ഥാന വ്യാപകമായി റയിൽവേ സ്റ്റേഷനുകളിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം ശക്തമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കേരള പൊതുവില്പനനികുതി നിയമം 29എ. 30 വകുപ്പുകൾ പ്രകാരം റയിൽവേ മുഖേനയും, പാർസൽ സർവ്വീസുകൾ മുഖേനയും അയ്ക്കുന്ന ചരക്കുകളിൽ നികുതിവെട്ടിപ്പ് ഉണ്ടോ എന്ന് പരിശോധിച്ച് പിഴ ഈടാക്കാനും ചരക്കുകൾ കണ്ടുകെട്ടുവാനും നികുതി ഉദ്യോഗസ്ഥർക്ക് അധികാരമുണ്ട്. എന്നാൽ റയിൽവേ അധികൃതരുടെ അധീനതയിൽ ഉള്ള സാധനങ്ങൾ റയിൽവേ സ്റ്റേഷനകത്ത് കയറി പരിശോധിക്കുന്നതിന് പ്രത്യേകം അനുമതി ആവശ്യമായിരുന്നു. ഇക്കാര്യത്തിൽ റയിൽവേ അധികാരികളുടെ സഹകരണം ഇല്ലാത്തതിനാൽ വില്പനനികുതി ഇന്റലിജൻസ് സ്ക്വാഡുകൾ റയിൽവേ സ്റ്റേഷൻ പരിസരം കേന്ദ്രീകരിച്ചായിരുന്നു പരിശോധന നടത്തുകയും നികുതി വെട്ടിപ്പ് കണ്ടെത്തുകയും ചെയ്തിരുന്നത്. എന്നാൽ അടുത്ത കാലത്ത് റയിൽവേ സ്റ്റേഷനുകളും വില്പനനികുതി നിയമത്തിന്റെ പരിധിയിൽ വരുമെന്ന് സുപ്രീം കോടതിയുടെ ഉത്തരവിന്റെ വെളിച്ചത്തിൽ റയിൽവേസ്റ്റേഷൻ പരിശോധന നടത്തി വരുന്നുണ്ട്. ചില റയിൽവേ ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നും സഹകരണം ലഭ്യമാകാത്ത സാഹചര്യത്തിൽ അവരുടെ പേരിൽ വില്പനനികുതി നിയമം 45 എ അനുസരിച്ച് പെനാൽറ്റി ചുമത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സുപ്രീം കോടതിവിധിയുടെ പകർപ്പ് എല്ലാ റയിൽവേ അധികാരികൾക്കും നല്കുകയും കേരള പൊതുവില്പനനികുതിനിയമം 29എ. 30 വകുപ്പുകൾ പ്രകാരം വാണിജ്യനികുതി വകുപ്പിന് നികുതിവെട്ടിപ്പ് സംശയിക്കുന്നതുമായ ചരക്കുകളിൽമേൽ നടപടി സ്വീകരിക്കുന്നതിനുള്ള അധികാരങ്ങളും നടപടിക്രമങ്ങളും റയിൽവേ ഉദ്യോഗസ്ഥരെ വിശദീകരിച്ച് ബോദ്ധ്യപ്പെടുത്തുകയും നികുതി ഉദ്യോഗസ്ഥർക്ക് റയിൽവേസ്റ്റേഷനുകളിൽ പരിശോധന നടത്തുന്നതിന് എല്ലാ സഹകരണങ്ങളും ഉണ്ടാകണമെന്ന് നിർദ്ദേശിക്കുന്ന റയിൽവേയുടെ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥനമാരുടെ ശ്രദ്ധയിൽകൊണ്ടുവരുകയും ചെയ്തിട്ടുണ്ട്.

(ഇ) സുപ്രീം കോടതിവിധിയുടെ പശ്ചാത്തലത്തിൽ നികുതി ഇന്റലിജൻസ് വിഭാഗം റയിൽവേ സ്റ്റേഷനുകളിൽ പരിശോധന നടത്തുകയുണ്ടായി. എന്നാൽ റയിൽവേ ഉദ്യോഗസ്ഥൻമാരുടെ നിസ്സഹകരണംമൂലം എല്ലാ സ്റ്റേഷനുകളിലും ശരിയായ രീതിയിൽ പരിശോധന നടത്താൻ സാധിച്ചിട്ടില്ല.

(എഫ്) ഉണ്ട്.

(ജി) കേരളത്തിലെ എല്ലാ പ്രധാന റെയിൽവേസ്റ്റേഷനുകളിലും കള്ളക്കടത്ത് തടയുന്നതിനും, നികുതിവെട്ടിപ്പ് കണ്ടുപിടിക്കുന്നതിനും വില്പന നികുതി സ്കാഡുകളെ 24 മണിക്കൂറും പ്രവർത്തിപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(എച്ച്) ഉണ്ട്. പിടിച്ചെടുക്കപ്പെടുന്ന സാധനങ്ങൾ സൂക്ഷിക്കുവാൻ ഗോഡൗൺ സൗകര്യവും വില്പനനികുതി വകുപ്പിന്റെ വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യവും ഉൾപ്പെടെ എല്ലാവിധ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

(ഐ) വില്പനനികുതിനിയമം അനുസരിച്ച് മതിയായ രേഖകളില്ലാതെ കൊണ്ടുവരുന്നതും, കടത്തുന്നതുമായ സാധനങ്ങൾ പിടിച്ചെടുക്കപ്പെടുമ്പോൾ അവയ്ക്ക് വില്പന നികുതിയുടെ ഇരട്ടിത്തുക സെക്യൂരിറ്റിയായി ഈടാക്കുകയും, മനഃപൂർവ്വം നികുതിവെട്ടിപ്പ് നടത്തി സാധനങ്ങൾ കൊണ്ടുവരികയോ, കൊണ്ടുപോകുകയോ ചെയ്തായി ബോദ്ധ്യപ്പെട്ടാൽ പ്രസ്തുത സെക്യൂരിറ്റി തുക പിഴയായി കണക്കാക്കപ്പെടുന്നതുമാണ്.

(ജെ) സ്വീകരിക്കുന്നതാണ്.

വാഹനങ്ങളുടെ സമാന്തര സർവീസ്

15(*221) ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാഹനങ്ങൾ സമാന്തര സർവീസ് നടത്തി വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly